STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.88/PR/SPMC/PHQ/2023 Date:17.08.2023

# പോലീസ് കോൺസ്റ്റബിൾ: പുതിയ ബാച്ചിന്റെ പരിശീലനം ആരംഭിച്ചു

പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ ജോലി ലഭിച്ചവർക്കുള്ള പരിശീലന പരിപാടി സംസ്ഥാന പോലീസ് മേധാവി ഡോ. ഷെയ്ഖ് ദർവേഷ് സാഹിബ് തിരുവനന്തപുരത്ത് സ്പെഷ്യൽ ആംഡ് പോലീസ് ക്യാമ്പിൽ ഉദ്ഘാടനം ചെയ്തു.

സമൂഹത്തിനും പൊതുജനത്തിനും ഉപകാരപ്പെടുന്ന തരത്തിൽ മികച്ച പോലീസ് ഓഫീസർമാരായി മാറാൻ അദ്ദേഹം പുതിയ ബാച്ചിലെ ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടു.

ആംഡ് പോലീസ് ബറ്റാലിയൻ ചുമതലയുള്ള എഡിജിപി എം ആർ അജിത് കുമാർ, കേരള പോലീസ് അക്കാദമി ഡയറക്ടർ എഡിജിപി ഗോപേഷ് അഗർവാൾ, ഡിഐജി രാഹുൽ ആർ നായർ, കമാന്റന്റ് ജി. ജയദേവ് എന്നിവരും മുതിർന്ന പോലീസ് ഉദ്യോഗസ്ഥരും വിവിധ ബറ്റാലിയനുകളിൽ നിന്ന് ഓൺലൈനായി ചടങ്ങിൽ പങ്കെടുത്തു.

സംസ്ഥാനത്തെ എട്ടു ബറ്റാലിയനുകളിലായി 243 വനിതകൾ ഉൾപ്പെടെ 1769 പേർക്കുള്ള പരിശീലനമാണ് ആരംഭിച്ചത്. ഇവരിൽ എട്ടു പേർ എം.ടെക് ബിരുദധാരികളും 214 പേർ ബി.ടെക് ബിരുദധാരികളുമാണ്. 42 പേർ എംബിഎ ബിരുദധാരികളാണ്. 209 ബിരുദാനന്തര ബിരുദധാരികളും 878 ബിരുദധാരികളും പുതിയ ബാച്ചിൽ പെടുന്നു.

******************************